**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3019** **22-06-2012 - ലെ മറുപടിയ്ക്ക്**

**കേരളത്തിന്റെ കാർഷിക വിളയായ തേങ്ങയുടെ വിലയിടിവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിന്റെ കാർഷിക വിളയായ തേങ്ങയുടെ വിലയിടിവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, തേങ്ങയ്ക്ക് താങ്ങ് വില ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നാളികേരത്തിന് കേന്ദ്ര സർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള ക്വിന്റലിന് 5100 രൂപ (മില്ലിംഗ് കൊപ്രയ്ക്ക്) നിരക്കിലും 5350 രൂപ (ഉണ്ട കൊപ്രയ്ക്ക്) നിരക്കിലും പൊതിച്ച നാളികേരം ക്വിന്റലിന് 1400 രൂപാ നിരക്കിലും സംഭരിക്കാൻ 03-02-2012 ലെ സർക്കാർ ഉത്തരവ് നം. 22/2012/എ.ഡി പ്രകാരം തീരുമാനിക്കുകയും അതു പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിച്ചു വരുകയും ചെയ്യുന്നുണ്ട്. |
| (സി) | തേങ്ങ സംഭരിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; | (സി) | നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും തിരഞ്ഞെടുത്ത പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയാണ് കൊപ്ര സംഭരിക്കുന്നത്. മേൽ പ്രകാരം പ്രവർത്തിക്കുന്ന ചില പ്രാഥമിക സഹകരണ സംഘങ്ങൾ കൊപ്രയ്ക്കു പുറമേ കേന്ദ്ര സർക്കാർ പൊതിച്ച നാളികേരത്തിന് നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയ്ക്ക് പൊതിച്ച നാളികേരം കർഷകരിൽ നിന്നും സംഭരിച്ച് കൊപ്രയാക്കിയാണ് കേരഫെഡിനും, മാർക്കറ്റ് ഫെഡിനും നൽകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ, ഈ സ്കീമിന്റെ കീഴിൽ എത്ര സംഭരണകേന്ദ്രങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (ഡി) | മാർക്കറ്റ്ഫെഡിന്റെ കീഴിൽ 23 സംഭരണ കേന്ദ്രങ്ങളും കേരഫെഡിന്റെ കീഴിൽ 60 സംഭരണ കേന്ദ്രങ്ങളും നിലവിലുണ്ട്. |
| (ഇ) | തെങ്ങ് കൃഷി സജീവമായി നടക്കുന്ന ഗ്രാമപഞ്ചായത്തുകൾകേന്ദ്രീകരിച്ച് സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (ഇ) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**